LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര തീരദേശ വികസന പദ്ധതി

1.	പ്രൈമറി ഹെൽത്ത് സെന്റർ, അയ്യമ്പള്ളി	- 15.50 ലക്ഷം രൂപ
2.	പ്രൈമറി ഹെൽത്ത് സെന്റർ, സബ് സെന്റർ, എടവനക്കാട്	- 7.58 ലക്ഷം രൂപ
3.	മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഞാറക്കൽ	- 2.79 ലക്ഷം രൂപ
4.	അംഗനവാടി, വാർഡ് നമ്പർ 14, എടവനക്കാട്	- 5.99 ലക്ഷം രൂപ
5.	അംഗനവാടി, വാർഡ് നമ്പർ 64, ഞാറക്കൽ	- 6.50 ലക്ഷം രൂപ
6.	അംഗനവാടി, പള്ളിപ്പുറം	- 4.79 ലക്ഷം രൂപ
7.	അംഗനവാടി, വാർഡ് നമ്പർ 175, എളങ്കുന്നപ്പുഴ	- 5.60 ലക്ഷം രൂപ
8.	അംഗനവാടി, വാർഡ് നമ്പർ 134, എടവനക്കാട്	- 4.29 ലക്ഷം രൂപ
9.	ഫിഷറീസ് സ്കൂൾ, ഞാറക്കൽ	-35.00 ലക്ഷം രൂപ

പരിശോധിച്ചുവരുന്ന പദ്ധതി

ഓച്ചംമുക്ക് സബ് സെന്റർ നിർമ്മാണം	-30.00 ലക്ഷം രൂപ

(ബി) പ്രസ്തുത പദ്ധതികൾ പ്രദേശത്തെ ജനപ്രതിനിധികളുമായുള്ള കൂടിയാലോചനയ്ക്ക് ശേഷമാണ് തയ്യാറാക്കിയത്.

ട്രോളിംഗ് നിരോധിതകാലയളവിലെ ആനുകൂല്യം

152(156) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധിച്ചിരുന്ന കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) തീരദേശത്തെ വറുതി അകറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര ഇക അനുവദിച്ചെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) കാലവർഷക്കെടുതികൾ പ്രതിരോധിക്കുന്നതിനായി തീരദേശങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചുവരുന്നു കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്ന 1800 രൂപ 2015-16 സാമ്പത്തിക വർഷം 2700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സൗജന്യ റേഷൻ നൽകുന്നതിനും 24 കോടി രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്കായും വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	സൗജന്യ റേഷൻ	സമ്പാദ്യ സമാശ്വാസം
1	തിരുവനന്തപുരം	...	36530100
2	കൊല്ലം	100000	33579600
3	ആലപ്പുഴ	300000	48132900
4	എറണാകുളം	300000	26261400
5	തൃശ്ശൂർ	7000	7348200
6	മലപ്പുറം	25000	16900500
7	കോഴിക്കോട്	100000	24237600
8	കണ്ണൂർ	20000	5141250
9	കാസർഗോഡ്	10000	9520350
	ആകെ	862000	207651900

(സി) കാലവർഷക്കെടുതി നേരിടുന്നതിനായി തീരദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശ ജനങ്ങളുടെ സുരക്ഷയ്ക്കായി കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകിവരുന്നു. എല്ലാ മറൈൻ ജില്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15-ാം തീയതി മുതൽ തുറന്നു പ്രവർത്തിച്ചുവരുന്നു.

മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ

153 (157) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പ്രതിസന്ധി പരിഹരിക്കുന്നതിന് മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly